## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5145** — **04-07-2024 - ൽ മറുപടിയ്ക്ക്**

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിലെ പ്രായപരിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്ന നിയമനങ്ങളിലെ പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്ന നിയമനങ്ങൾക്ക് സംസ്ഥാന സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഫുൾടൈം ഒഴിവുകളിലേക്ക് ഓപ്പൺ വിഭാഗത്തെ പരിഗണിക്കുന്ന പ്രായപരിധി 41 വയസ്സാണ്. മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 3 വർഷവും (44 വയസ്സ്) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും (46 വയസ്സ്) ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ഒഴിവുകളിൽ മുൻഗണനാ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. എല്ലാ ഇളവുകളും ഉൾപ്പെടെ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങൾക്കുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്.<br><br>ചില വകുപ്പുകളിൽ നിന്നും അറിയിക്കുന്ന ഒഴിവുകൾക്ക് ടി വകുപ്പിലെ വിശേഷാൽ ചട്ട പ്രകാരം പ്രായ പരിധിയിൽ വ്യത്യാസം ഉണ്ടാകാറുണ്ട്. |
| (ബി) | വിവിധ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ വ്യത്യസ്തമായ പ്രായപരിധി പിന്തുടർന്നു വരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്.<br><br>പ്രായം 18-36 വയസ്സായി അറിയിക്കുന്ന സംസ്ഥാന സർക്കാർ/ അർദ്ധ സർക്കാർ ഒഴിവുകളിൽ, ഉയർന്ന പ്രായപരിധി 36 വയസ്സിൽ നിന്നും 41 വയസ്സാക്കി കൊണ്ടും, മറ്റ് പിന്നാക്ക വിഭാഗങ്ങൾക്ക് 39 വയസ്സിൽനിന്നും 44 വയസ്സാക്കികൊണ്ടും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 41 വയസ്സിൽനിന്നും 46 വയസ്സാക്കികൊണ്ടും സ.ഉ(സാധാ)നം 1783/2013/തൊഴിൽ തീയതി 21/10/2013 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പ്രായപരിധിയിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ |

| | | | |
|---|---|---|---|
| | | | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയ്ക്കുള്ള വയസ്സിളവ് അതത് വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെട്ട ഒഴിവുകൾക്ക് മാത്രമേ ബാധകമായിട്ടുള്ളൂ. തുറന്ന മത്സര വിഭാഗത്തിൽ എല്ലാ വിഭാഗക്കാരെയും 41 വയസ്സുവരെയാണ് പരിഗണിക്കുന്നത്.<br><br>എന്നാൽ 18-39 പ്രായപരിധിയിൽ അറിയിക്കുന്ന ഡ്രൈവർ, ടീച്ചർ തുടങ്ങിയ തസ്തികകൾക്ക് മേൽപ്പറഞ്ഞ ഉത്തരവ് ബാധകമാക്കിയിട്ടില്ല. ആയതിനാൽ ടി തസ്തികകൾക്ക് വ്യത്യസ്തമായ പ്രായപരിധിയാണ് പിന്തുടർന്നുവരുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ പ്രായപരിധിയിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ തുറന്ന മത്സര വിഭാഗത്തിലും സംവരണാനുകൂല്യമുള്ള വിഭാഗങ്ങൾക്ക് അർഹമായ വയസ്സിളവ് അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ